## അഹങ്കാരം

ഈജിപ്ത് അടക്കിവാണിരുന്ന ഫറോവ ഒരിക്കൽ ജനത്തോട് ചോദിച്ചു:
''ഞാനല്ലയോ നിങ്ങളുടെ ദൈവം? എന്റെ അധികാരത്തിന്റെ തണലിലൂടെയല്ലേ നൈൽ ഒഴുകുന്നത്?''

സ്വന്തം ജനതയുടെ കുനിഞ്ഞ മൗനത്തിനു മുകളിൽ ഒരിക്കൽ കൂടി തന്റെ ഔദ്ധത്യം അവൻ ഉറപ്പിച്ചു നിർത്തി.

ചരിത്രത്തിൽ അറിയപ്പെട്ട അഹങ്കാരിയായിരുന്നു അവൻ.

അവൻ സത്യത്തെ നിരാകരിച്ചു. ജനത്തിനുമേൽ ഔദ്ധത്യം നടിച്ചു. താൻ വലിയവനാണെന്ന ഗർവ് നടിച്ചു.

അതുതന്നെയാണ് അഹങ്കാരം.

അഹങ്കരിക്കരുത്. അത് പല തകരാറുകൾക്കും ഇടവരുത്തും.

നമുക്ക് ഇടപെടേണ്ട ഒരാളെ പറ്റി ''ആൾ ഇത്തിരി തലക്കനമുള്ളയാളാ'' എന്ന് വല്ലവരും പരിചയപ്പെടുത്തിയാൽ അയാൾക്കും നമുക്കുമിടയിൽ കനത്ത മറ വീഴും. നാം അറിയാതെ അയാളിൽനിന്ന് അകലും. അതുവരെ തോന്നിയിരുന്ന ബഹുമാനം വെറുപ്പിലേക്കും ആശങ്കയിലേക്കും തിരിയും.

അഹങ്കരിക്കാനുള്ള അവകാശം ദൈവത്തിന് മാത്രം. അവനാണല്ലോ മുഴുവൻ പ്രപഞ്ചത്തിനും ഉടമ. എല്ലാ കഴിവുകളും ഉള്ളവനും അവൻമാത്രം. പക്ഷേ, അവൻ നൽകിയ തുഛമായ വിഭവങ്ങളുടെ പേരിൽ അഹങ്കരിക്കുന്ന ചില മനുഷ്യരുണ്ട്. അത് വിവരക്കേട്. അവരുടെ അഹങ്കാരത്തിന് പിൻബലമെന്തോ അത് ഇല്ലാതാക്കാൻ ദൈവത്തിന് സാധിക്കുമല്ലോ.

സാമ്പത്തികസമൃദ്ധി, തൊഴിൽഉന്നതി, തറവാട്, വിദ്യാഭ്യാസം ഇതൊക്കെ ചിലരുടെ അഹങ്കാരത്തിന് നിമിത്തമാകാം. കാലവും സ്ഥലവും സാഹചര്യവും തന്റെ ഇംഗിതത്തിന് വിധേയമാകണമെന്ന് അത്തരക്കാർ ആഗ്രഹിക്കും. അതിനുവേണ്ടി പരമാർഥത്തെ അവൻ നിഷേധിക്കും. ആളുകളെ തള്ളിപ്പറയും.

അഹങ്കാരം മനോരോഗം. ഈഗോയിൽനിന്ന് വളർന്നുവരുന്ന ദുര്യോഗം. അത് വ്യക്തിയെ നശിപ്പിക്കും. പൊതുജനം അവനെ വെറുക്കും. കൈവെടിയും.

അഹങ്കാരം കൊണ്ട് ഒന്നും നേടാനാകില്ല.

ദൈവം അഹങ്കാരിയെ വെറുക്കുന്നു. അതിന് ചില കാരണങ്ങളുണ്ട്.
അവൻ ദൈവത്തിന്റെ അവകാശത്തിൽ കൈകടത്തുന്നു. പറഞ്ഞല്ലോ അഹങ്കാരം ദൈവത്തിന്റെ അവകാശമാണെന്ന്.
അവൻ സത്യത്തെ നിരാകരിക്കുന്നവനാകുന്നു
ജനത്തെ അവഹേളിക്കുന്നു.
അവരുടെ അവകാശങ്ങളെ ഹനിക്കുന്നു.
അവൻ ദൈവദൂതനെ നിഷേധിച്ചവനാകുന്നു. അഹങ്കാരി സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. അത്തരക്കാർ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല.

അഹങ്കാരിയിൽ അൽപം പോലും നന്മയുണ്ടാകില്ല. ദൈവവും ജനവുമായി തനിക്കുള്ള ബന്ധം നന്നാകണം. അവർ അവനെപ്പറ്റി സംതൃപ്തരാ കണം. അപ്പോഴാണ് ഒരാൾക്ക് നന്മ ലഭിക്കുന്നത്.

അഹങ്കാരികൾക്ക് സന്തോഷിക്കാൻ സാധിക്കുകയില്ല. സമൂഹത്തിൽനിന്നകന്ന അവർക്ക് ഒരു വിധത്തിലുള്ള ആനന്ദവും ലഭിക്കുകയില്ല. ജനത്തിന്റെ ആനന്ദത്തിൽ പങ്ക് ചേരുവാനാകില്ല. താൻ അവരോടൊപ്പം എങ്ങനെ കൂടിയിരിക്കും എന്ന ചിന്ത അത്തരക്കാരെ അലട്ടും. പ്രവാചകൻ മുഹമ്മദ്നബി പറഞ്ഞു: ജനങ്ങളുമായി ഇടകലരുകയും അവരിൽനിന്നേൽക്കുന്ന പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്യുന്നവരാണ് ഉത്തമന്മാർ.''

കുട്ടികൾ കുട്ടികളോട് അഹങ്കരിക്കരുത്. അത് അവരുടെ ഭാവിയെ നശിപ്പിക്കും. രക്ഷിതാക്കളാണ് അത് ശ്രദ്ധിക്കേണ്ടത്. മുതിർന്നവർക്കും അത് പാടില്ല. ഭരണ രംഗത്ത് ഇരിക്കുന്നവർ അത്തരം ദു:സ്വഭാവം വെച്ചുപുലർത്തരുത്. അതവരുടെ ഇമേജിനെ നശിപ്പിക്കും. ഗമൂഹത്തിൽനിന്ന് അവരെ അകറ്റും.

അഹങ്കാരിയുടെ മനസ്സ് അടഞ്ഞതും കുടുസ്സുമായിരിക്കും. അവർക്ക് ജനത്തോട് ഗുണകാംക്ഷ തോന്നുകയില്ല. എന്നാൽ ജനത്തെ സ്നേഹിക്കുകയും അവരോട് ഗുണകാംക്ഷ പുലർത്തുകയും ചെയ്യുന്നവരുടെ മനസ്സ് വിശാലവും സ്നേഹമുള്ളതുമായിരിക്കും.

ഒരാൾ എത്ര ചെറിയവനും നിസ്സാരനുമാണെങ്കിലും അയാൾ പവിത്രനാണ്. കാരണം, ദൈവം മനുഷ്യരെ ആദരിച്ചിരിക്കുന്നു. അവരുടെ രക്തവും ധനവും അഭിമാനവും പരസ്പരം ആദരണീയമാണ്. ആർക്കും ആരെയും അവഹേളിക്കുവാൻ അവകാശമില്ല. മറ്റൊരാളുടെ മേൽ അഹങ്കരിക്കുവാനും അധികാരം സ്ഥാപിക്കുവാനും അവകാശമില്ല.

അഹങ്കരിക്കരുത്. അത് സമൂഹത്തിൽ നമ്മുടെ നിലയും വിലയും ബഹുമതിയും ഇല്ലാതാക്കും.

മനുഷ്യസ്വഭാവത്തിന് വിരുദ്ധമാണ് അഹങ്കാരം. അത് സ്രഷ്ടാവായ ദൈവത്തിന്റെ വികാരത്തിന് വിരുദ്ധം. അഹങ്കാരം പൈശാചികമാണ്. അഹങ്കാരം കൊണ്ടാണല്ലോ പശാചിന് സ്വർഗത്തിൽനിന്ന് പുറത്തു പോകേണ്ടിവന്നത്.

അഹങ്കാരി പിശാചിന്റെ കൂട്ടുകാരൻ. അതിനാൽ ദൈവം അവനെ ഇഷ്ടപ്പെടുന്നില്ല.